പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 791

28.02.2018-ലെ മറുപടി

## ഓച്ചിറ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഓച്ചിറ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ആലപ്പാട് ഗ്രാമപഞ്ചായത്തിലെ കാക്കത്തുരുത്ത് പ്രദേശത്ത് കുടിവെള്ള മെത്താത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പാട് പഞ്ചായത്തിലെ കാക്കത്തുരുത്ത് ഭാഗത്ത് കുടിവെള്ളം ലഭ്യമാക്കുന്നത് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ ആലുംകടവ് ട്യൂബ് വെല്ലിൽ നിന്നാണ്. കാലപ്പഴക്കംമൂലം ആലുംകടവ് ട്യൂബ് വെല്ലിന് ഡിസ്ചാർജ്ജ് കുറവാണ്. ആദ്യ കാലത്ത് 25 എച്ച്.പി സബ്മേഴ്സിബിൾ പമ്പ് സ്ഥാപിച്ചിരുന്നതാണ്. എന്നാൽ ഇപ്പോൾ 12.5 എച്ച്.പി പമ്പാണ് സ്ഥാപിച്ചിരിക്കുന്നത്. വെള്ളത്തിന്റെ അപര്യാപ്തതമൂലം ഇടവിട്ടാണ് പമ്പിംഗ് നടത്തുന്നത്. |
| (ബി) | ഈ പ്രദേശത്തേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിനുവേണ്ടി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | തയ്യാറാക്കിയിട്ടുണ്ട്. കാക്കത്തുരുത്തിലേയ്ക്കുള്ള പൈപ്പ് ലൈൻ 40 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച 80 എം.എം. എ.സി പൈപ്പാണ്. ഈ പൈപ്പ് പല ഭാഗങ്ങളിലും പൊട്ടിപ്പോകുന്നതിനാൽ പൈപ്പ് മാറ്റുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (സി) | അടിയന്തര നടപടിയായി ഉച്ചക്ക് 12 മണി മുതൽ വൈകുന്നേരം 6 മണിവരെ കാക്കത്തുരുത്തിനായി മാത്രം ജലം ലഭ്യമാക്കുന്നുണ്ട്. |

Reeja

സെക്ഷൻ ഓഫീസർ